# കേരള കാർഷിക സർവകലാശാല

## ബി. എസ്. സി. (ഓണേഴ്സ്) ഹോർട്ടികൾച്ചർ

## പ്രവേശന വിജ്ഞാപന പത്രിക


**കാർഷിക കോളേജ്**

**കേരള കാർഷിക സർവകലാശാല**

**വെള്ളാനിക്കര തൃശ്ശൂർ, കേരളം**

**https:/ / cohvka.kau.in**


**2025-2026**

**അപേക്ഷ സമർപ്പിക്കുന്നതിനായി**

**www.admissions.kau.in സന്ദർശിക്കുക**


Shot on OnePlus

## ആമുഖം

ഇന്ത്യയുടെ തെക്ക് - പടിഞ്ഞാറേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കേരളം ജൈവവൈവിധ്യങ്ങളാൽ നിറവാർന്നതും വൈവിധ്യമാർന്ന കാർഷിക സമൃദ്ധിയും ഉൾക്കൊള്ളുന്ന നാടാണ്. പശ്ചിമഘട്ട മലനിരകളാൽ പ്രകൃതി സൗന്ദര്യവും, ഉഷ്ണ-മിതോഷ്ണ കാലാവസ്ഥ വൈവിധ്യവും ഇവിടെ സ്വർഗ്ഗം തീർത്തിരിക്കുന്നു. കേരളത്തിൻറെ കാർഷിക സമൃദ്ധിക്ക് തോട്ടവിളകളായ തെങ്ങ്, കവുങ്ങ്, റബ്ബർ, ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, പുഷ്പങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധസസ്യങ്ങൾ, എന്നിവ മുഖ്യ സ്ഥാനം വഹിക്കുന്നു. കേരളത്തിലെ കൃഷിയിടത്തിന്റെ 90 ശതമാനവും തോട്ട വിളകളാൽ സമ്പുഷ്ടമാണ്. ഇവിടത്തെ സുഗന്ധവ്യഞ്ജനങ്ങൾ പുരാതനകാലം മുതൽക്ക് തന്നെ യൂറോപ്യൻ സഞ്ചാരികളെ ആകർഷിച്ചിരുന്നു. സുഗന്ധവ്യഞ്ജന വ്യാപാരത്തിന് കേരളം പ്രാചീന കാലം മുതൽക്കേ പ്രസിദ്ധിയാർജ്ജിച്ചതാണ്. ഇന്ത്യയുടെ ജാതി ഉത്പാദനത്തിന്റെ 90, ഏലത്തിന്റെ 76, റബ്ബറിന്റെ 67, കുരുമുളകിൻറെ 33, തെങ്ങിൻറെ 27 ശതമാനവും കേരളത്തിലാണ്. സംസ്കരിച്ച പഴം പച്ചക്കറി എന്നിവയുടെ കയറ്റുമതിയിൽ നിന്നും കേരളം 2023-2024 കാലഘട്ടത്തിൽ 2251.82 കോടി രൂപയാണ് വിറ്റു വരവ് നേടിയിട്ടുള്ളത്.

കേരള കാർഷിക സർവകലാശാലയുടെ പരിസരത്തായി നിരവധി കാർഷിക നഴ്സറികൾ പ്രവർത്തിച്ചു വരുന്നു. ഹോർട്ടികൾച്ചറൽ പ്രൊഫഷണലുകൾക്ക് കായിക പ്രജനന മേഖലയിലും തോട്ടവിള പരിപാലന മേഖലയിലും പുഷ്പ കൃഷിയിലും പൂന്തോട്ട നിർമ്മിതിയിലും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലും ധാരാളം സംരംഭ സാധ്യതകൾ ഉണ്ട്. കൃഷിവകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം, വിവിധ കമോഡിറ്റി ബോർഡുകൾ, അഗ്രികൾച്ചർ സയൻസ് റിക്രൂട്ട്മെൻറ് ബോർഡ്, തുടങ്ങി സർക്കാർ മേഖലയിലും ജോലി സാധ്യതകൾ ഏറെയാണ്.

കേരള കാർഷിക സർവകലാശാലയിൽ ആരംഭിക്കുന്ന 4 വർഷ ബി. എസ് സി. ഹോർട്ടികൾച്ചർ ബിരുദ കോഴ്സ് ഐ.സി.എ.ആർ ആറാമത് ഡീൻസ് കമ്മിറ്റി റിപ്പോർട്ട് അടിസ്ഥാനമാക്കി ഉള്ളതാണ്. ഈ മേഖലയിൽ സമഗ്രമായ അക്കാദമിക് മികവിന് ഉതകുന്ന വണ്ണം രൂപപ്പെടുത്തിയിട്ടുള്ള കോഴ്സ് വിദ്യാർത്ഥികളെ വിവിധ സർക്കാർ സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതോടൊപ്പം കാർഷിക സംരംഭങ്ങൾ തുടങ്ങുന്നതിനും കാര്യശേഷി ഉള്ളവരാക്കുകയും ചെയ്യും. ഹോർട്ടികൾച്ചർ വ്യവസായം, ഭക്ഷ്യ സംസ്കരണം, കയറ്റുമതി എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള ഉദ്യോഗാർത്ഥികളെ അനിവാര്യമാണ്. ഈ മേഖലകളിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടുവാൻ പ്രാപ്തരാക്കുന്ന വിധം ആണ് ഈ കോഴ്സ് രൂപകൽപന ചെയ്തിട്ടുള്ളത്.

പാഠ്യപദ്ധതിയിൽ കോർ കോഴ്സുകൾ, നൈപുണ്യ വികസന കോഴ്സുകൾ, കൂടുതൽ ആഴത്തിലുള്ള അറിവ് നേടുന്നതിനായി തിരഞ്ഞെടുക്കാവുന്ന കോഴ്സുകൾ, ജീവിത നൈപുണ്യ വർദ്ധിപ്പിക്കുന്നതിനുള്ള കോഴ്സുകൾ

എന്നിവ അടങ്ങിയിരിക്കുന്നു. തോട്ടവിളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, പുഷ്പ വിളകൾ, ഔഷധ, പരിമള സസ്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ പരിപാലന മുറകളും അവയുടെ വിളവെടുപ്പും വിളവെടുപ്പാനന്തര പരിചരണവും, സംബന്ധിച്ച വിവിധ കോഴ്സുകൾ ഉണ്ട്. മറ്റ് വിഷയങ്ങളായ അഗ്രോണമി, മണ്ണ് ശാസ്ത്രം, സസ്യ സംരക്ഷണം, ജനിതക ശാസ്ത്രം, ജൈവ സാങ്കേതിക വിദ്യ, സാമൂഹികശാസ്ത്രം, വിജ്ഞാന വ്യാപനം, സാമ്പത്തിക ശാസ്ത്രം, തുടങ്ങി വിവിധങ്ങളായ കോഴ്സുകൾ ഈ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം, പ്രായോഗികതയിൽ ഊന്നിയ പഠനം എന്നിവയിലൂടെ ഭാവി പ്രതിസന്ധികളെ നേരിടുവാൻ പ്രാപ്തരാക്കുന്ന വിധം ആണ് ഈ നാലു വർഷ ബിരുദ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഹോർട്ടികൾച്ചർ സയൻസിൽ മാനവിഭവ ശേഷി വികസനം
* ഉപരിപഠനത്തിനു ഹോർട്ടികൾച്ചർ ബിരുദധാരികളെ പ്രാപ്തരാക്കുക
* ഹോർട്ടികൾക്കൾച്ചർ സയൻസിൻെറ വിവിധ ശാഖകളിൽ വിദ്യാർത്ഥികളെ ഗവേഷണത്തിന് പര്യാപ്തമാക്കുക
* വിദ്യാർത്ഥികളെ ഹോർട്ടികൾച്ചർ മേഖലയിൽ നൂതന ആശയങ്ങൾ വികസിപ്പിക്കാൻ പര്യാപ്തമാക്കുക
* ഹോർട്ടികൾച്ചർ മേഖലയിൽ നൂതന സംരഭകരെ വാർത്തെടുക്കുക

## കോഴ്സിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| a. | **കോഴ്സിന്റെ പേര്** | ബി. എസ്. സി. (ഓണേഴ്സ്) ഹോർട്ടികൾച്ചർ |
| b. | **സ്ഥാപനത്തിൻറെ പേര്** | കാർഷിക കോളേജ്, വെള്ളാനിക്കര, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശ്ശൂർ |
| c. | **സീറ്റുകളുടെ എണ്ണം** | 40 (32 - KEAM മെഡിക്കൽ റാങ്ക് + 8 സി. യു. ഇ. ടി. -ഐ. സി. എ. ആർ (യു. ജി )) റാങ്ക് |
| d. | **കോഴ്സിന്റെ കാലാവധി** | 4 വർഷം (8 സെമസ്റ്ററുകൾ) |
| e. | **യോഗ്യത** | KEAM മെഡിക്കൽ റാങ്ക് (2025)/ സി യു ഇ ടി -ഐ സി എ ആർ (യു. ജി ) 2025 റാങ്ക് |

| | | |
|---|---|---|
| f. | **ഫീസ് ഘടന *** | |
| | **പ്രവേശന ഫീസ് (ഒറ്റത്തവണ)** | Rs.4,000/ - |
| | **കോളേജ് കോഷൻ ഡെപ്പോസിറ്റ് (റീഫണ്ട്-ഒറ്റത്തവണ)** | Rs.2,00,000/ - |
| | **സെമസ്റ്റർ ഫീസ്** | - |
| | **ട്യൂഷൻ ഫീസ്** | Rs.97,760/ - |
| | **സെമസ്റ്റർ പരീക്ഷ ഫീസ്** | Rs.640/ - |
| | **സ്പെഷ്യൽ ഫീ** | Rs.1,600/ - |
| | **ആകെ തുക** | Rs.1,00,000/ - (ഓരോ സെമസ്റ്ററും) |
| g. | **പഠന മാധ്യമം** | ഇംഗ്ലീഷ് |
| h. | **താമസ സൗകര്യം** | വിദ്യാർത്ഥികൾ സ്വന്തമായി താമസസൗകര്യം ക്രമീകരിക്കേണ്ടതാണ് |

*സർവകലാശാലയുടെ വിവേചനാധികാരത്തിൽ ഫീസ് യഥാകാലങ്ങളിൽ പരിഷ്ക്കരണത്തിന് വിധേയമായിരിക്കും.

## തിരഞ്ഞെടുപ്പ്

KEAM (2025) മെഡിക്കൽ / സി.യു.ഇ.ടി – ഐ സി എ ആർ (യു.ജി) 2025 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും തിരഞ്ഞെടുപ്പ്. റിസർവേഷൻ നിയമങ്ങൾ KEAM വിജ്ഞാപന പത്രിക - 2025 അടിസ്ഥാനമാക്കിയായിരിക്കും.

20% സീറ്റുകൾ സി. യു. ഇ. ടി. -ഐ. സി. എ. ആർ (യു. ജി ) 2025 റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

## അദ്ധ്യാപനത്തിന്റെയും മൂല്യനിർണ്ണയത്തിന്റെയും സമ്പ്രദായം

കേരള കാർഷിക സർവ്വകലാശാലയുടെ നിലവിലുള്ള മാതൃകയിലുള്ള ക്രെഡിറ്റ് അടിസ്ഥാനമാക്കിയുള്ള സെമസ്റ്റർ സിസ്റ്റം.

## പൊതു നിർദ്ദേശങ്ങൾ

1. ഇന്ത്യൻ പൌരന്മാർക്ക് മാത്രമേ ഈ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാൻ അർഹതയുള്ളൂ. പ്രവേശനസമയത്തോ അതിനുശേഷമോ ഏതെങ്കിലും ഘട്ടത്തിൽ അവൻ/ അവൾ ഇന്ത്യൻ പൌരനല്ലെന്ന് കണ്ടെത്തിയാൽ,അവരുടെ പ്രവേശനം നഷ്ടപ്പെടുത്തുകയും നിയമനടപടികൾക്ക് അവരെ ബാധ്യരാക്കുകയും ചെയ്യുന്നു. ജനിച്ച സ്ഥലം അല്ലെങ്കിൽ മുൻ വിദ്യാഭ്യാസവും വിദേശരാജ്യത്ത് നിന്നുള്ള വിദ്യാർത്ഥികളുടെ കാര്യത്തിൽ, അപേക്ഷകർ ഇന്ത്യൻ പാസ്സ്പോർട്ട് പോലുള്ള പിന്തുണയ്ക്കുന്ന തെളിവുകൾ സമർപ്പിക്കണം.

2. കേരള കാർഷിക സർവകലാശാലയുടെ പ്രോഗ്രാമുകളിൽ പ്രവേശനം നേടുകയും എന്നാൽ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയ ഉത്തരവിനു ശേഷം കോഴ്സിൽ നിന്നും വിടുതൽ തേടിയതുമായ എല്ലാവരും സർവകലാശാലയുടെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് സർവകലാശാലയ്ക്ക് വാർഷിക ഫീസിന്റെ 50% ന് തുല്യമായ ലിക്വിഡേറ്റഡ് ഡാമേജെസ് തുക നൽകാൻ ബാധ്യസ്ഥരാണ്.

## പ്രധാനമന്ത്രി വിദ്യാലക്ഷ്മി സ്കീം

ഭാരത സർക്കാരിന്റെ പി എം വിദ്യാലക്ഷ്മി സ്കീം പോർട്ടൽ **pmvidyalaxmi.co.in** വഴി വിദ്യാഭ്യാസ വായ്പക്കായി അപേക്ഷിക്കാവുന്നതാണ്.

## വിവരങ്ങൾക്ക്

| | |
|---|---|
| **ഡോ. പി. അനിത (കോഴ്സ് കോർഡിനേറ്റർ)**<br>പ്രൊഫസർ & ഹെഡ്<br>തോട്ട സുഗന്ധ വിള വിഭാഗം<br>അഗ്രിക്കൾച്ചർ കോളേജ്<br>കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര<br>തൃശ്ശൂർ<br>Mobile:9496320212<br>cohpcs@kau.in | **ഡോ. സജി ഗോമസ് (കോഴ്സ് കോർഡിനേറ്റർ)**<br>പ്രൊഫസർ & ഹെഡ്,<br>ഡിപ്പാർട്ടമെന്റ് ഓഫ് പോസ്റ്റ് -ഹാർവെസ്റ്റ് ടെക്നോളജി<br>അഗ്രിക്കൾച്ചർ കോളേജ്<br>കേരള കാർഷിക സർവകലാശാല,<br>വെള്ളാനിക്കര തൃശ്ശൂർ<br>Mob: 9495866891<br>cohptech@kau.in |

***ഡോ. നായർ സുനിൽ അപ്പുക്കുട്ടൻ***

*അസിസ്റ്റന്റ് പ്രൊഫസർ*

*തോട്ട സുഗന്ധ വിള വിഭാഗം*

*അഗ്രിക്കൾച്ചർ കോളേജ്*

*കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര തൃശ്ശൂർ*

***sunil.a@kau.in***

***Mobile :9447583467***

*പ്രവേശനവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് വിളിക്കുക*

*+91 487-243 8139 (പ്രവൃത്തി ദിവസങ്ങളിൽ 10AM to 5 PM വരെ)*

*or email to hqreduf@kau.in*

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് ഭീഷണി തടയുന്നതിനുള്ള

## യു. ജി. സി. നിയന്ത്രണങ്ങൾ, 2009.

*കേരള കാർഷിക സർവകലാശാലയിൽ (കെ. എ. യു) ഏതെങ്കിലും രൂപത്തിൽ റാഗിംഗ് നടത്തുന്നത് കർശനമായി നിരോധിച്ചിട്ടുള്ളതും അത് ക്രിമിനൽ കുറ്റവുമാണ്. അപേക്ഷിക്കുന്നതിന് മുമ്പ്, എല്ലാ അപേക്ഷാർത്ഥികളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഭീഷണി തടയുന്നതിനുള്ള യു. ജി. സി റെഗുലേഷൻസ്, 2009 വിശദമായി വായിക്കാൻ നിർദ്ദേശിക്കുന്നു. (https://www.ugc.ac.in/oldpdf/ragging/gazzetaug2010.pdf).*

*കേരള കാർഷിക സർവകലാശാലയുടെ സ്ഥാപനങ്ങളിൽ റാഗിംഗ് പൂർണ്ണമായും നിരോധിച്ചിരിക്കുന്നു, റാഗിംഗ് നടത്തുകയോ കൂടാതെ/ അല്ലെങ്കിൽ അതിനു സജീവമായോ അല്ലാതെയോ പ്രേരിപ്പിക്കുകയോ ചെയ്തതിന് കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന ഏതൊരാളും, റാഗിംഗ് പ്രോത്സാഹിപ്പിക്കുകയോ റാഗിംഗ് ഗൂഢാലോചനയുടെ ഭാഗമാകുകയോ ചെയ്താലും, ഈ ചട്ടങ്ങൾക്കും പ്രാബല്യത്തിലുള്ള ഏതെങ്കിലും ശിക്ഷാ നിയമത്തിലെ വ്യവസ്ഥകൾക്കും അനുസൃതമായി ശിക്ഷാർഹനാണ്.*

*സർവകലാശാലയിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിയും അവന്റെ/ അവളുടെ മാതാപിതാക്കൾ/ രക്ഷിതാക്കൾ ഈ റെഗുലേഷന്റെ റെഗുലേഷൻ 6.1 ലെ ക്ലോസുകൾ (ഡി) (ഇ), (ജി) എന്നിവയ്ക്ക് അനുസൃതമായി നിർദ്ദിഷ്ട സത്യവാങ്.മൂലങ്ങൾ പ്രവേശന സമയത്തോ രജിസ്ട്രേഷൻ സമയത്തോ ഓരോ അക്കാദമിക വർഷവും നൽകേണ്ടതാണ്.*

*ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് അപേക്ഷാർത്ഥികൾ (കേരള കാർഷിക സർവകലാശാലയുടെ) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആന്റി റാഗിംഗ് കമ്മിറ്റി/ സെല്ലുമായി ബന്ധപ്പെടാൻ നിർദ്ദേശിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിലിന്റെ (ഐ.സി.എ.ആർ.) കാർഷിക വിദ്യാഭ്യാസ പോർട്ടൽ (**https:/ / education.icar.gov.in/** ) സന്ദർശിക്കാവുന്നതും കേരള കാർഷിക സർവകലാശാലയുടെ വെബ് പോർട്ടൽ (**https:/ / kau.in/** ) വഴി ബന്ധപ്പെടാവുന്നതുമാണ്.*

*കോളേജ് ഓഫ് അഗ്രികൾച്ചർ,കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര*

*ആന്റി റാഗ്ഗിംഗ് ഹെൽപ് ലൈൻ നമ്പർ : **9496320212***